DHS/4/2023-EDT

'53232/2023

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം.

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. ബിജു എസ്. (സസ്പെൻഷൻ) -നെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി ജോലിയിൽ തിരികെ പ്രവേശിപ്പിച്ച് നിയമന- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1.) 0/01/2023 -ലെ EC8/2520/2022/DHS നമ്പർ ഉത്തരവ്
2.) ശ്രീ. ബിജു എസ്. ഫയൽ ചെയ്ത ഒ.എ. 92/2023 -മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 24/01/2023 -ലെ ഇടക്കാല ഉത്തരവ്.
3.) 02/05/2023 -ലെ ജി.ഒ. (ആർ.ടി.) നം. 1039/2023/ആ.ക.വ. നം. ഉത്തരവ്
4.) ഉത്തരവ് നം. ഇ.സി.8/2520/ആ.വ.ഡ, തീയതി: 29/05/2023

**ഉത്തരവ് നം : ആ.വ.ഡ./4/2023/ ഇ.ഡി.1, തീയതി: 08-06-2023**

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഓഡിറ്റ് വിഭാഗം ജൂനിയർ സൂപ്രണ്ടായ ശ്രീ. ബിജു എസ്. തിരുവനന്തപുരം ജില്ലാ മാതൃകാശുപത്രിയിൽ ഓഡിറ്റ് നടത്തവേ ഓഡിറ്റ് കോഡിനും പ്രൊവിഷനും വിരുദ്ധമായി എൻക്വയറി നടത്തിയതിനും ഓഡിറ്റിന് ബാധകമല്ലാത്ത വിഷയങ്ങളിൽ നടപടി സ്വീകരിച്ചതിനും ശ്രീ. ബിജു എസ്. -നെ 1960 -ലെ കെ.സി.എസ്.(സി.സി.&എ.) ചട്ടങ്ങൾ പ്രകാരം അന്വേഷണ വിധേയമായി പരാമർശം (1) പ്രകാരം സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു.

സസ്പെൻഷൻ ഉത്തരവിനെതിരായി ശ്രീ. ബിജു എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 92/2023 -മേലുള്ള 24/01/2023 -ലെ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സസ്പെൻഷൻ റിവ്യൂ ചെയ്യുന്നതിനും അച്ചടക്ക നടപടി ഒരു മാസത്തിനകം പൂർത്തീകരിക്കുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബിജു എസ്. -നെ അച്ചടക്ക നടപടിയ്ക്കും തുടർ അന്വേഷണത്തിനും വിധേയമായി പ്രസ്തുത വകുപ്പുതല അന്വേഷണത്തെ സ്വാധീനിക്കാൻ സാധിക്കാത്തതരത്തിൽ, സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. ബിജു എസ്. -നെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലെ ഒഴിവ് നിലനിൽക്കുന്ന ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിൽ നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ടിയാന്റെ പ്രവേശന വിവരം യഥാവിധി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ഡോ റീന കെ.ജെ

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ശ്രീ. ബിജു എസ്., ജൂനിയർ സൂപ്രണ്ട്, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

പകർപ്പ് :
1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി
3. സൂപ്രണ്ട്, ഇ.സി. സെക്ഷൻ
2. ഫയൽ/കരുതൽ ഫയൽ

അംഗീകാരത്തോടെ

Signed by Beena.k.b
Date: 09-06-2023 12:33:53
Reason: Approved

സൂപ്രണ്ട്

GOVERNMENT OF KERALA

0354291